# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം **19.06.2021** മുതൽ **23.06.2021** വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 49/2021 | തീയ്യതി: 18/06/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 123.8 | 26.8 – 31.8 | 22.8 – 24.0 | 85 - 98 | 00- 09 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്


| സൂചിക | 19-06-2021 | 20-06-2021 | 21-06-2021 | 22-06-2021 | 23-06-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 20 | 8 | 8 | 10 | 10 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 82 | 82 | 82 | 82 | 82 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 8 | 14 | 18 | 16 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 290 | 290 | 320 | 290 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും.<br><br>നിലവിലെ കാലാവസ്ഥ നെല്ലിൽ ബാക്റ്റീരിയൽ ഇല കരച്ചിൽ, ഇഞ്ചിയിൽ ബാക്റ്റീരിയൽ വാട്ടം തുടങ്ങിയ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാകും. തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചാൽ മാത്രമേ രോഗം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ<br><br>നെല്ല് നഴ്സറിയിലും പറിച്ചു നട്ട പാടങ്ങളിലും തണ്ടു തുരപ്പന്റെ ആക്രമണം ഉണ്ടായേക്കാം. തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം വർധിക്കാൻ സാധ്യത.<br><br>രോഗം വന്നു നശിച്ച ചെടികൾ ഉണ്ടെങ്കിൽ അവ പൂർണമായും പിഴുതുമാറ്റി തീയിട്ടു നശിപ്പിക്കണം. നെല്ല് ഒഴികെ മറ്റു കൃഷിയിടങ്ങളിൽ വെള്ളം കെട്ടി നില്ക്കാൻ അനുവദിക്കരുത് | | |

आज़ादी का अमृत महोत्सव

| | | | |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | വൃക്ഷ വിളകൾ നടുന്നത് തുടരാം. തൈക്കുഴികളിൽ വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴികളുടെ വക്കിന് ചുറ്റും വരമ്പുകൾ തീർക്കുക.<br><br>കുരുമുളക് തോട്ടങ്ങളിൽ താങ്ങു കാലുകളുടെ കൊമ്പുകൾ കോതി തണൽ ക്രമീകരിക്കുക.<br><br>നെൽപ്പാടങ്ങളിൽ വരമ്പുകളിലെ ദ്വാരങ്ങളെല്ലാം ചെളി ഉപയോഗിച്ച് അടക്കുക. ജല നിർഗമന ചാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുക.<br><br>മഴക്കാലത്തു വെള്ളം കെട്ടി നിൽക്കാത്ത കര പ്രദേശങ്ങളിൽ കയ്പ, വഴുതന, കക്കിരി, മുളക്, പച്ചമീര, വെണ്ട എന്നീ പച്ചക്കറികൾ കൃഷി ചെയ്യാം. ട്രേകളിൽ വിത്ത് പാകി മുളപ്പിച്ച് തൈകൾ പറിച്ച് നടുന്നതാണ് നല്ലത്. അല്ലാ എങ്കിൽ .നല്ല നീർ വാർച്ച ഉറപ്പാക്കുന്ന വിധം വരമ്പുകളിലോ കൂനകളിലോ പച്ചക്കറികൾ നടുന്നതാണ് അഭികാമ്യം. നടുന്ന തടങ്ങളിൽ ആദ്യമേ കുമ്മായം ഇട്ട് മണ്ണുമായി ചേർത്തിളക്കുക. ഒരു സെന്റിന് മൂന്നു കിലോഗ്രാം കുമ്മായം എന്ന തോതിൽ വേണം ചേർക്കാൻ. കുമ്മായമിട്ട് ഒരാഴ്ച്ച കഴിഞ്ഞ് സെന്റിന് 100 കി.ഗ്രാം വീതം ജൈവ വളങ്ങൾ ചേർക്കുക ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണക വളം ചേർക്കുകയാണെങ്കിൽ ചീച്ചൽ, വാട്ടം തുടങ്ങിയ രോഗങ്ങളെ ചെറുക്കുന്നതിനു സഹായകമാകും ജൈവ വളം ചേർത്ത് രണ്ടാഴ്ച്ചയ്ക്കു ശേഷം തൈകൾ നടുക..<br><br>നല്ല മഴയുള്ള ദിവസങ്ങളിൽ വിളകൾക്ക് രാസ വളപ്രയോഗം ഒഴിവാക്കുക. | | |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഇലകരിച്ചിൽ<br> | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി ഏക്കറിന് 2 കിലോ ഇട്ടു കൊടുക്കണം. സ്ട്രെപ്റ്റോസൈക്ലിൻ ഏക്കറിന് 100 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| | | തണ്ടുതുരപ്പൻ<br> | നെല്ലിൽ തണ്ടു തുരപ്പൻ പുഴുവിന്റെ ആക്രമണം ഉണ്ടെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 18.5% W/W SC 3മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിതളിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br> | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 6 ഗ്രാം ഫെർട്ടറ (Ferterra) 250ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |
| ഇഞ്ചി | തൈകൾ | ബാക്റ്റീരിയൽ വാട്ടം<br><br> | രോഗബാധയില്ലാത്തിടങ്ങളിൽ നിന്ന് ശേഖരിച്ച വിത്തിഞ്ചി മാത്രം നടാൻ ഉപയോഗിക്കുക. നടുന്നതിനു മുൻപ് വിത്തിഞ്ചി സ്ട്രെപ്റ്റോസൈക്ലിൻ 200 മില്ലി ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തയ്യാറാക്കിയ ലായനിയിൽ മുപ്പതു സെക്കന്റ് നേരം മുക്കുക.<br>കൃഷിയിടങ്ങളിൽ ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br>രോഗം ബാധിച്ച ചെടികൾ മുറിച്ചു വെള്ളത്തിൽ മുക്കിയാൽ മുറിവിൽ നിന്നും നേർത്ത വെളുത്ത ബാക്റ്റീരിയൽ ലായനി നൂലുപോലെ പുറത്തു വരുന്നത് കാണാം. അവ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |
| വാഴ | കുലയ്ക്കുന്ന ഘട്ടം | പക്ഷികൾ | നേന്ത്രൻക്കുലകളെ അവ നേർത്തതും സുതാര്യവുമായ പോളിത്തീൻ പാളികൾ ഉപയോഗിച്ച് പൊതിഞ്ഞ് സൂക്ഷിക്കുക. |
| കോഴി | വിവിധ ഘട്ടം | അണുബാധ | കൂടുകളുടെ തറയിൽ ഈർപ്പം നിലനിൽക്കാൻ അനുവദിക്കരുത് ഈർപ്പം നിലനിന്നാൽ തറയിൽ വീഴുന്ന കാഷ്ടത്തിൽ നിന്നും അമോണിയ വാതകം പുറത്തേക്കു വമിക്കും.. അത് കോഴികളുടെ ആരോഗ്യത്തിനെ പ്രതികൂലമായി ബാധിക്കും |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി